ഉത്തരം

(എ) തിരൂർ-പൊന്നുണ്ടം ബൈപ്പാസ് നിർമ്മാണത്തിന്റെ ഒന്നാം ഘട്ടത്തിലെ ആർ.ഒ.ബി.-യും, അപ്രോച്ച് റോഡിന്റെ പ്രവർത്തിയും ഒഴികെയുള്ള പണികൾ പൂർത്തിയായിട്ടുണ്ട്. ഇതിലേക്കായി ആവശ്യമായ ഇക റെയിൽവേക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. രണ്ടും മൂന്നും ഘട്ടങ്ങളുടെ എൽ.എ. നടപടികൾ നടത്തി വരുന്നു. നാലാം ഘട്ടം പണി പൂർത്തിയാകാറായി.

(ബി) നാലാം ഘട്ടം പ്രവർത്തിയിൽ ടാറിംഗ് പണികൾ മാത്രമേ പൂർത്തീകരിക്കാനുള്ളൂ. മൂന്നാം ഘട്ടം എൽ.എ. നടപടികൾ പുരോഗമിക്കുന്നു.

(സി) മൂന്നാം ഘട്ടം സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി ഇതുസംബന്ധിച്ച് റിപ്പോർട്ട് ഹൈലെവൽ കമ്മിറ്റിക്ക് സമർപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ പുരോഗമിക്കുന്നു.

(ഡി) നിലവിൽ ഒന്നും തന്നെയില്ല.

എം.സി. റോഡിലെ പന്നിക്കഴി പാലം

317 (1374) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.സി. റോഡിലെ പന്നിക്കഴി പാലം നിർമ്മാണത്തിന് കെ. എസ്. ടി.പി. രണ്ടാം ഘട്ടത്തിൽ മുൻഗണന കൊടുക്കും എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും നടത്തിയ പ്രഖ്യാപനം അടിസ്ഥാനമാക്കി ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കുന്നില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുവരെ പ്രസ്തുത പാലത്തിന്റെ പണി ആരംഭിക്കുവാൻ കഴിയാത്തതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം എട്ട് മാസത്തിനകം പൂർത്തീകരിക്കുമെന്ന് ഉദ്ഘാടനത്തിൽ പ്രഖ്യാപിച്ചിരുന്നോ;

(ഡി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം എന്ന് തുടങ്ങി എന്ന് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി-ഡി) കെ.എസ്.ടി.പി. - രണ്ട് പദ്ധതിയിൽപ്പെട്ട ചെങ്ങന്നൂർ - ഏറ്റുമാനൂർ റോഡിലാണ് പന്നിക്കഴി പാലം. 15-9-2014-ന് കരാർ വച്ച് പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. ഡിസംബർ മാസം പാലത്തിന്റെ പൈലിംഗ് ജോലികൾ ആരംഭിക്കുവാൻ കഴിയുന്നതാണ്. പൈലിംഗ് ജോലി തുടങ്ങി 5 മാസത്തിനുള്ളിൽ പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly